## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4769 27/06/2014-ൽ മറുപടിയ്ക്ക്

# അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 2012-13, 2013-14 സാമ്പത്തിക വർഷം പുതിയതായി ആരംഭിച്ച പദ്ധതികൾ എന്തെല്ലാം; പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ; | എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിവരം പഞ്ചായത്ത് തിരിച്ച് അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| ബി) നിലവിൽ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയുടെ വിശദാംശം നൽകുമോ; | ബി) നിലവിൽ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയുടെ വിശദാംശം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.<br>സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 2013-14 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുക ഉപയോഗിച്ച് അമ്പലപ്പുഴ മണ്ഡലത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 14.4 ഹെക്ടറിൽ വാഴ 11.82 ഹെക്ടറിൽ ഇഞ്ചി, 21.6 ഹെക്ടറിൽ ജാതി എന്നിവയുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കി വരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷം അമ്പലപ്പുഴ മണ്ഡലത്തിൽ ടിഷ്യൂക്കൾച്ചർ വാഴ, പപ്പായ, കട്ട് ഫ്ളവേഴ്സ്, ലൂസ് ഫ്ളവേഴ്സ്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിളവിസ്തൃതി വ്യാപനം, സംരക്ഷിത കൃഷി, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| സി) പുതിയതായി ഏതെങ്കിലും പദ്ധതികൾ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിവരം അറിയിക്കുമോ? | സി) ഉണ്ട്.<br>എ). കാർഷിക കർമ്മ സേന - അമ്പലപ്പുഴയിൽ 2 എണ്ണം. |

18 ലക്ഷം രൂപയുടെ യന്ത്രസാമഗ്രികൾ നൽകുന്നതാണ്.

ബി). സംയോജിത മാതൃക കൃഷിത്തോട്ടം ഒരു പഞ്ചായത്തിലെ 10 യൂണിറ്റ്, ഒരു ഏക്കറിന് 10,000/- രൂപ നൽകുന്നതാണ്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ ഹൈടെക് ഫാമിംഗ് പദ്ധതി അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ്. പദ്ധതി പ്രകാരം പോളീഹൗസുകൾ സ്ഥാപിക്കുന്നതിന് 75 ശതമാനം സബ്സിഡി നൽകുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം -I

| ക്രമ നം | പദ്ധതിയുടെ പേര് | പഞ്ചായത്തിന്റെ പേര് | കർഷകരുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|---|---|
| 1. | കർഷക പെൻഷൻ (പ്രതിമാസം 500 രൂപ നിരക്കിൽ) | അമ്പലപ്പുഴ തെക്ക്, | 81 | 436000 |
| | | അമ്പലപ്പുഴ വടക്ക്, | 62 | 300000 |
| | | പുറക്കാട് | 57 | 300400 |
| | | പുന്നപ്ര സൗത്ത് | 56 | 336000 |
| | | പുന്നപ്ര നോർത്ത് | 50 | 300000 |
| | | ആകെ | 306 | 1672400 രൂപ |
| | | | വിസ്തൃതി | |
| 2. | നെൽകൃഷി പാടശേഖരങ്ങൾ ഓപ്പറേഷണൽ സപ്പോർട്ട് @ 200 രൂപ /ഹെ, കൂടാതെ അടിസ്ഥാന സൗകര്യ വികസനം പരമാവധി ഒരു ലക്ഷം രൂപ | അമ്പലപ്പുഴ തെക്ക്, | 586 ഹെക്ടർ | 208211 |
| | | അമ്പലപ്പുഴ വടക്ക്, | 401.77 ഹെക്ടർ | 174299 |
| | | പുറക്കാട് | 736.0 ഹെക്ടർ | 241117 |
| | | പുന്നപ്ര സൗത്ത് | 336 ഹെക്ടർ | 245746 |
| | | പുന്നപ്ര നോർത്ത് | 254 ഹെക്ടർ | 240973 |
| | | ആകെ | 2313.77 ഹെക്ടർ | 1110346 രൂപ |

ഇതിനു പുറമേ ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്, ആത്മ, എൻ.ഇ.ജി.പി.എ എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം -II

| പദ്ധതിയുടെ പേര് | അനുവദിച്ച തുക (രൂപ) |
|---|---|
| സുസ്ഥിര നെൽകൃഷി വികസനം | 10514787 |
| പ്രകൃതി ക്ഷോഭം | 4581051 |
| ഉൽപാദക ബോണസ് | 2238000 |
| ആർ.കെ.വി.വൈ | 1149700 |
| തെങ്ങു കൃഷി വികസനം | 250000 |
| കുട്ടനാട് പാക്കേജ് - തെങ്ങു കൃഷി | 812500 |
| വിജ്ഞാന വ്യാപനം | 478222 |
| പച്ചക്കറി കൃഷി വികസനം | 1522000 |
| കർഷക പെൻഷൻ | 1672400 |
| **ആകെ** | **33566060** |

സെക്ഷൻ ഓഫീസർ